ROLL NO. | | | | |

# INDIAN SCHOOL SALALAH
## FINAL EXAMINATION, FEBRUARY 2026 (AY 2025-26)

**Class: IX** **( MALAYALAM -012 )** **Date: 12-02-2026**

**Time: 3 Hrs** **Maximum Marks: 80**

---

**എ വിഭാഗം / Section : A**

1. **തന്നിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കു വീതം)** **(8x1=8)**

വേഗമുറങ്ങു മകളെ വെയിൽ ചായുന്നു
കൊന്നപ്പൂപോലെ അമ്പിളി
പൊൻ തിടമ്പേന്നും കരിം-
ക്കൊമ്പനായ് രാത്രി വരുന്നു
മാനും മുയലും ഉറങ്ങി
കാടും ആറും കടലുമടങ്ങി
പായലിൽ മീൻ മിഴി പൂട്ടി നീല-
കായലിൻ സ്വപ്നമായി സൂര്യൻ
പക്ഷിയും പാട്ടും മടങ്ങി
കൂട്ടിൽ അക്ഷരം ഏട്ടിൽ മയങ്ങി
നീ ഉറങ്ങുമ്പോൾ മകളെ ലോകം
നീല മയിലിനെപോലെ
നിൻ മിഴിക്കുള്ളിൽ മകളെ
കല്ലും പുല്ലുമേറൊന്നു ചിറകിൽ
നീ മയങ്ങുമ്പോൾ കിനാവിൽ
കൊടും പോർനിലം പൂക്കളമാകും
അമ്മയില്ലാത്തവർക്കെല്ലാമപ്പോൾ
അമ്മയായ് ഞാൻ നിലാവാകും
വറ്റും പുഴയിൽ നീർ പാടും
തളിർമുറ്റമുയരും ഉണങ്ങിയ കാട്ടിൽ

**ചോദ്യങ്ങൾ**

1. അക്ഷരം എവിടെയാണ് മയങ്ങിയത്?
2. രാത്രി വരുന്നത് എങ്ങനെയാണ്?
3. കിനാവിൽ കൊടും പോർനിലം എന്തായി മാറും എന്നാണ് പറയുന്നത്?
4. വറ്റുന്ന പുഴയിൽ എന്താണ് വീണ്ടും പാടുവാൻ പോകുന്നത്?
5. 'പായലിൽ മീൻമിഴിപൂട്ടി" പാടുന്നത് എന്താണ്?
6. വെയിൽ ചായുന്നത് എന്തു പോലെയാണെന്നാണ് കവി പറയുന്നത്?
7. കുട്ടി ഉറങ്ങുമ്പോൾ ലോകം എന്തിനെ പോലെയാണ്?
8. മുറ്റും ഉണങ്ങിയ കാട്ടിൽ എന്താണ് സംഭവിക്കാൻ പോകുന്നത്?

**2. തന്നിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കു വീതം) (7x1=7)**

കമ്മലിനൊക്കും പൂവുകൾ, ചാരെ
നിർമ്മല വെള്ള പട്ടിലകൾ,
ചില്ലകൾ തോറും നൂറുകണക്കിനു
നല്ലപതുത്തൊരു പച്ചിലകൾ
വെള്ളില വള്ളിയിതെല്ലാം ചാർത്തി
തുള്ളി രസിച്ചു തിമിർക്കുമ്പോൾ
ഉള്ളിലസൂയപ്പെട്ടു വാടി
ക്കുള്ളിലനേകം പൂച്ചെടികൾ
മന്ദമണഞ്ഞു വനികയിലേക്കൊരു
സുന്ദരിയാം ചെറു പൂമ്പാറ്റ
ചേതോഹരമായി വായുവിൽ
നീന്തിടുമേതോ ദേവതയെന്നോണം
മന്നിതിലേക്ക് വിരുന്നു വരുന്നൊരു
മഴവില്ലിൻ മകളെന്നോണം
വരികെന്നവളെ വിളിച്ചുവീശും
ചെറുചില്ലകളാൽ പൂച്ചെടികൾ
അവളോ വെള്ളില വള്ളിയിലത്രേ
അതിലോലം ചെറുകാലൂന്നി
പുളകം പൂണ്ടു വെള്ളിലവല്ലരി

( PTO )

പുണ്യത്താലിതു കൈ വന്നു
പവിഴച്ചുണ്ടിൽ ചുംബിച്ചൂട്ടി
യവളെത്തേനും പൂമ്പൊടിയും
വെള്ളില വള്ളിക്കെത്ര കൊടുക്കിലും
മുള്ളിൽ തൃപ്തി വരുന്നീല

**ചോദ്യങ്ങൾ**

1. തുള്ളി രസിച്ചു നിൽക്കുന്നത് ആര്?
2. ആരാണ് പൂന്തോട്ടത്തിലേക്ക് മരന്ദമണഞ്ഞത്?
3. പുളകം പൂണ്ടത് ഏത് ചെടിയാണ്?
4. ഭൂമിയിലേക്ക് വിരുന്നുവന്ന ആരെ പോലെയാണ് പൂമ്പാറ്റയെ വർണ്ണിക്കുന്നത്?
5. പവിഴ ചുണ്ടിൽ ചുംബിച്ചൂട്ടിയത് ആരാണ്?
6. എത്ര കൊടുത്തിട്ടും വെള്ളിലവള്ളിക്ക് തൃപ്തി വരാത്തത് എന്തായിരുന്നു?
7. അസൂയപ്പെട്ട് വാടിക്കുള്ളിൽ നിന്നത് ആരാണ്?

## ബി – വിഭാഗം/ Section B

**3. (a) ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (5)**

പ്ലാസ്റ്റിക് മാലിന്യവും അതിന്റെ ദോഷങ്ങളും

**അല്ലെങ്കിൽ**

ലഹരിവിരുദ്ധ പോരാട്ടത്തിൽ വിദ്യാർത്ഥികളുടെ പങ്ക്

b) **അപകടങ്ങൾ പതിയിരിക്കുന്ന ഓൺലൈൻ ഗെയിമുകൾ** ' എന്ന വിഷയത്തെക്കുറിച്ച് ഒരു വാർത്ത പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രമുഖ പത്രത്തിന്റെ **പത്രാധിപർക്ക് ഒരു കത്തെഴുതുക** (5)

(c) 'രണ്ടു കുട്ടികൾക്ക് തെരുവുനായ്ക്കളുടെ കടിയേറ്റു' ഈ സംഭവത്തെ അടിസ്ഥാനമാക്കി **പത്രവാർത്ത തയ്യാറാക്കുക** (4)

## സി – വിഭാഗം/ Section C

**4(a). പ്രയോഗം മാറ്റുക** **( 2 x 1= 2 )**

i) അയാൾ ചോര കഴുകിത്തുടച്ചു ആ മുറിവ് കെട്ടി

ii) അമ്മയുടെ തൊണ്ട വേദനയാൽ കുടുംബത്തിന്റെ താളം തെറ്റപ്പെട്ടു

**4(b) അംഗ അംഗി വാക്യങ്ങൾ വേർതിരിച്ചെഴുതുക** **( 2 x 1= 2 )**

i) ഒരു വിധിപ്രസ്താവിക്കാതെ തന്നെ ഗുരുവിന്റെ നിർദ്ദേശം ജനങ്ങൾ നടപ്പിലാക്കി

ii) വിളകളുടെ പോഷകമൂല്യമല്ല ദൃശ്യചാരുതയാണ് ഏറെ പ്രധാനം

**4(c) തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക** **( 2 x 1= 2 )**

i) ഗുരുവിന്റെ സന്യാസ ജീവിതത്തിന്റെ ആസ്ഥാനമായ ആ വിജന സ്ഥലത്ത് ചെറുപ്പക്കാരും വൃദ്ധരും കുട്ടികളും യുവാക്കളും ഉൾപ്പെടെ വലിയൊരു ജനക്കൂട്ടം വന്നുചേർന്നു

ii) വേദിയിൽ നിന്ന് എന്നെ കൊണ്ടുപോകുന്നതിനായി അമ്മ വന്നപ്പോൾ, ആ സാന്നിധ്യം വമ്പിച്ച കരഘോഷത്തിന് കൈയ്യടിക്കും കാരണമായി.

**4(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക** **( 2 x 1= 2 )**

i) ആകാംക്ഷ ii) ശബ്ദമിടറുക iii) കലശൽ

**5. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക** **(7x1=7)**

5 (a) ' മണം ' എന്ന പദത്തിൻറെ പര്യായപദം തന്നിരിക്കുന്നതിൽ ഏതാണ് ?

(a ) വസാനം (b ) പാരിജാതം (c ) പൂവ് (d ) പരിമളം

5(b) ' സദാചാരം ' എന്ന പദത്തിൻറെ വിപരീതം ഏതാണ് ?

(a ) ആചാരം (b ) ദുരാചാരം (c ) അസദാചാരം (d ) വിചാരം

5(c) ' ക്ഷയം ' എന്ന പദത്തിൻറെ നാനാർത്ഥ പദങ്ങൾ ഏതെല്ലാം ?

(PTO)

(a ) നാശം (b ) മരുന്ന് (c ) ഒരു രോഗം (d ) നശിക്കാത്തത്

5(d) 'പരിശ്രമം - പരിഭ്രമം' എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ് ?

(a ) കഠിനാധ്വാനം (b ) ഭയം (c ) മാറ്റം (d ) ധാരണ

5(e) ' പ്രിയമോട്' എന്ന വാക്ക് ശരിയായി പിരിച്ചെഴുതുന്നതെങ്ങനെ ?

(a ) പ്രിയം + ഓട് (b ) പ്രിയ + ഓട്

(c ) പ്രിയം + മോട് (d ) പ്രിയ + മോട്

5(f) 'ധൂമം' എന്ന വാക്കിൻറെ ശരിയായ അർത്ഥം ഏതാണ്?

(a ) പാത്രം (b ) പുക (c ) ഇരിപ്പിടം (d ) നിശ്ചലം

5(g) 'തരിശുനിലം' - വിഗ്രഹരൂപം ഏത് ?

(a ) തരിശിന്റെ നിലം (b ) തരിശു പോലത്തെ നിലം

(c ) തരിശായ നിലം (d ) തരിശുള്ള നിലം

5(h) 'പക്ഷി' എന്ന പദത്തിൻറെ എതിർലിംഗം ഏത്?

(a ) പക്ഷ (b ) പക്ഷണി (c ) പക്ഷിനി (d ) പക്ഷിണി

5(i) തന്നിരിക്കുന്നതിൽ ശരിയായപദം കണ്ടെത്തി എഴുതുക.

(a ) ദൃഗ്സാക്ഷി (b ) ദ്രക്സാക്ഷി (c ) ദക്സാക്ഷി (d ) ദൃക്സാക്ഷി

5(j) 'പാടം' എന്ന പദത്തിൻറെ പര്യായപദമല്ലാത്തത് ഏത്?

(a ) കണ്ടം (b ) അധ്യായം (c ) വയൽ (d ) കേദാരം

## ഡി – വിഭാഗം/ Section D

**6. തന്നിരിക്കുന്ന പന്ത്രണ്ട് ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. ഓരോന്നിനും 2 മാർക്കു വീതം (9x2=18)**

**6(a)** "അല്പമല്ല ഭുജിക്കുന്നു

കഴുത്തോളം പൂർണ്ണമായി"

(i). ഈ വരികൾ സൂചിപ്പിക്കുന്നതെന്ത് ?

a) അമിതമായി ഭക്ഷണം കഴിക്കൽ

b) ധാരാളം വിഭവങ്ങളുണ്ട്

c) രുചികരമായ വിഭവങ്ങൾ

d) മിതമായി ഭക്ഷണം കഴിക്കൽ

(ii). കുഞ്ചൻ നമ്പ്യാർ ജീവിച്ചിരുന്ന കാലഘട്ടം ഏത് ?

a) പതിനഞ്ചാം നൂറ്റാണ്ട്

b) പതിനാറാം നൂറ്റാണ്ട്

c) പത്തൊൻപതാം നൂറ്റാണ്ട്

d) പതിനെട്ടാം നൂറ്റാണ്ട്

**6(b)** "കഷ്ടകാലത്തിന് ഞാനിവിടെ വന്നുപെട്ടു. നിന്നെ കീഴടക്കാൻ എനിക്കാവില്ല. നിയെന്നെ സഹായിക്കാതെ പറ്റില്ല"

(i). ആര് ആരോടാണ് ഇങ്ങനെ പറയുന്നത് ?

a)ദയ സേനാപതിയോട് b) ദയ വാൾപ്പയറ്റ് വിദഗ്ധനോട് ,

c) ദയ കുതിരയോട് d) ദയ രാജകുമാരിയോട്

(ii). താഴെ പറയുന്നവയിൽ എം ടി യുടെ കൃതി അല്ലാത്തത് ഏത് ?

a) നാലുകെട്ട് b) ചന്ദന മരങ്ങൾ c) രണ്ടാമൂഴം d) അസുരവിത്ത് )

**6(c)** ഒട്ടുമാവുള്ളതു കേട്ടോ, തളിർ -

നാക്കു കടിച്ചേ നില്പായി .

i) എന്ത് കേട്ടാണ് തളിർമാവ് നാക്കുകടിച്ചത് ?

**(PTO)**

a) മുറിച്ചു തള്ളാൻ പറഞ്ഞ ത് കേട്ട് b) കിളികളെ ഓടിച്ചതിനാൽ

c) ശിഖരം മുറിച്ചതിനാൽ d) പാടത്തിന്റെ കരയിൽ ആയതിനാൽ )

ii) ഈ വരികളിൽ പ്രകടമാകുന്ന ഭാവം എന്ത് ?

a) പ്രതിഷേധം b) കരുണ, c) അനുകമ്പ d) രോദനം )

**6 (d)** അന്തമറ്റ സുകൃതഹാരങ്ങൾ നി-

ന്നന്തരാത്മാവിലർപ്പിക്കുന്നുണ്ടാവാം

i) ആത്മാവിൽ ഉണ്ടായ പരിവർത്തനം എന്ത് ?

a) കാരുണ്യത്തിനും മനുഷ്യനന്മയ്ക്കും പ്രാധാന്യം b) ജാതിചിന്ത c) നീചനാരിയാണെന്ന ധാരണ d) സാമൂഹികദർശനം )

ii) മാതംഗിയെ വിശേഷിപ്പിക്കാൻ കവി പ്രയോഗിച്ച പദം ഏത് ?

a) പുണ്യവതി b) പുണ്യശാലിനി c) നീചനാരി d) ചണ്ഡാലി)

**6(e)** ഈ ചോദ്യം പണ്ടൊരിക്കലും ഞാൻ കേട്ടുവല്ലോ .

i) വൃദ്ധ കേട്ട ചോദ്യം എന്ത് ?

a) എന്തുപറ്റി? b) അമ്മേ എന്ന വിളി c) എവിടെയാണ് അമ്മയുടെ വീട് ? d) അമ്മയ്ക്ക് വേദനിക്കുന്നുണ്ടോ ?

ii)ആരാണ് അമ്മയോട് പണ്ടൊരിക്കൽ ഈ ചോദ്യം ചോദിച്ചത് ?

a) ഡോക്ടർ b) മകൻ c) മരുമകൾ d) പാൽക്കാരൻ

**6(f)** " അവനവൻ ആത്മസുഖത്തിനാചരിക്കു-

ന്നവയപരന്നു സുഖത്തിനായ് വരേണം "

i)ഏത് കൃതിയിലെ വരികൾ ആണിത് ? **(PTO)**

a) ജാതിക്കുമ്മി b) ആത്മോപദേശ ശതകം c) നളിനി d) ദുരവസ്ഥ

ii) ഈ വരികളിൽ പ്രകടമാകുന്ന സന്ദേശം എന്ത് ?

a) മാനവികബോധം b) സ്നേഹം c) ദയ d) കരുണ

**6(g)** അത് കൂടുതൽ ആരോഗ്യകരമായ ഒരു പരിസ്ഥിതിസംസ്കാരത്തിലേക്ക് നയിക്കും.

i) ഏത് ?

a) ശീതള പാനീയങ്ങൾ b) പ്രാദേശിക ഭക്ഷ്യവ്യവസ്ഥകൾ c) ആ ഗോള ഭക്ഷ്യവ്യവസ്ഥ
d) വളർച്ചാഹോർമോണുകൾ ചേർത്തുണ്ടാക്കിയ പച്ചക്കറികൾ

ii) അതിന്റെ പ്രധാന ഗുണം എന്ത്?

a) പുതുമ നശിക്കാത്ത ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നു b) നിറവും രുചിയും വർധിപ്പിക്കുന്നു c) രോഗികളെ ഉണ്ടാക്കുന്നു d) ഗുണമേന്മ കുറഞ്ഞവയാണ് )

**6(h)** മറുത്തു പറയാനാരുണ്ടയ്യോ

നമുക്കു കരയാനവകാശം

i) മറുത്തു പറയാൻ കഴിയാത്തത് ആരോടാണ് ?

a) ഈശ്വരനോട് b) മാവിനോട് c) ഉടമയോട് d) അടിമയോട്

ii)കരയാൻ അവകാശമുള്ളതാർക്കാണ് ?

a) കിളികൾക്ക് b) കുട്ടികൾക്ക് c) അടിയാന്മാർക്ക് d) ഭൂമിക്ക്

**6(i)** അറിയുക, ഞങ്ങളനേകം നിരകളിൽ

അങ്കം വെട്ടുന്നോർ

i) എന്തിനോടാണ് കർഷകർ അങ്കം വെട്ടുന്നത് ?

a) കാടിനോട് b) വറുതിയോട് c) പുഴയോട് d) കഷ്ടപ്പാടിനോട്

ii) വേലക്കാരുടെ അടിയേറ്റു തകർന്നു വീഴുന്നതെന്ത് ? **(PTO)**

a) കുന്നുകൾ b) പുളിമാവ് c) കരിങ്കൽ കുന്നുകൾ d) എതിരാളികൾ

**6(j)** i) മുറ്റത്തിനതിര് കാത്ത് മണമൂറി പൊട്ടിച്ചിരിച്ചു നിൽക്കുന്നതെന്ത് ?

a) മാവ് b) ഇലഞ്ഞിമരം c) പാലമരം d) മുല്ലമരം

ii) ഏതു കൃതിയിൽ നിന്നെടുത്തതാണ് കാണുന്നുണ്ടനേകമക്ഷരങ്ങൾ എന്ന കവിത ?

a) കൊതിയൻ b) നുണയൻ c) അക്ഷരം d) അനേകം

**6(k)** ദൗർഭാഗ്യം പിടികൂടിയപ്പോൾ മാത്രമാണ് അവർ സഹായധനം ആവശ്യപ്പെട്ടത്

i) എന്തായിരുന്നു ചാപ്ലിന്റെ കുടുംബത്തെ പിടികൂടിയ ദൗർഭാഗ്യം?

a) അച്ഛന്റെ മദ്യപാനം b) അമ്മയുടെ ശബ്ദ തടസ്സം c) ചാപ്ലിന്റെ അസുഖം

d) അമ്മയുടെയും അച്ഛന്റെയും വേർപിരിയൽ

ii) ആർക്കാണ് ആ ദൗർഭാഗ്യം പിടികൂടിയത് ?

a) അച്ഛന് b) ചാപ്ലിന് c) അമ്മയ്ക്ക് d) മാനേജർക്ക്

**6(l)** i) ഇന്ന് ഇന്ത്യയുടെ ആവശ്യം എന്താണ് ?

a) സഹിഷ്ണുത c) അഹിംസാധർമ്മം c) ജാതികൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള മത്സരത്തിൽ നിന്ന് മോചനം d) ഹിംസ

ii) ഈ സന്ദേശം നൽകിയതാര് ?

a) സി വി കുഞ്ഞിരാമൻ b) ശ്രീനാരായണഗുരു c) സ്വാമി വിവേകാനന്ദൻ

d) കെ പി കറുപ്പൻ

**7. ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. ( ഗദ്യം )**

**(ഓരോന്നിനും 3 മാർക്കു വീതം)** **(3x3=9)**

i) "കരിഞ്ഞ മരങ്ങളുടെ വേരുകൾ, മണ്ണിൽ നിന്നു പിടിവിടുവിച്ചു മേല്പോട്ട് ഉയരുന്നതുപോലെ , ആ കൈവിരലുകൾ ഒരു നിശ്ചലതയോടെ മേല്പോട്ടു വളഞ്ഞു കിടക്കുന്നു" – ആശയം വ്യക്തമാക്കുക?

**(PTO)**

ii) ആഗോള ഭക്ഷ്യവിപണി എങ്ങനെയാണ് കുട്ടികൾ ഉൾപ്പെടെയുള്ള സമൂഹ

ത്തെ വിവിധ ഭക്ഷ്യവിഭവങ്ങളുടെ ഉപഭോക്താക്കളായി മാറ്റുന്നത് ?

iii) ചാപ്ലിൻറെ ബാല്യകാലത്തെ അരക്ഷിതാവസ്ഥയുടെ കാരണങ്ങൾ എന്തെല്ലാമായിരുന്നു ?

iv) ഗുരുദർശനത്തിൻറെ കാലിക പ്രസക്തിയെന്ത് ?

**8. ഏതെങ്കിലും മൂന്നു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. ( പദ്യം ) (3x3=9)**

**(ഓരോന്നിനും 3 മാർക്കു വീതം)**

i) പുളിമാവു വെട്ടിയപ്പോൾ പ്രകൃതിയിലുണ്ടായ പ്രതികരണങ്ങളെ കവി ആവി ഷ്കരിച്ചിരിക്കുന്നത് എങ്ങനെയാണ്

ii) കാണുന്നുണ്ടിങ്ങനെ ഓരോരോ മാറ്റങ്ങൾ

കാണുന്നിടത്തൊക്കെ; സാമൂഹ്യ ജീവിതത്തിലുണ്ടായ എന്തെല്ലാം മാറ്റങ്ങളാണ് കവിതാഭാഗത്ത് സൂചിപ്പിക്കുന്നത് വിശകലനം ചെയ്യുക ?

iii) "മുഴുവൻ ഭൂമിയുമൊറ്റച്ചാലാ

യുഴുതുമറിക്കും വീര്യമോടെ

അണിയായണിയായ് വേലക്കാരവ

രടിവച്ചടിവച്ചണയുമ്പോൾ" - തൊഴിലാളികളുടെ എന്തെല്ലാം സവിശേഷതകളാണ് ഈ വരിയിൽ പ്രകടമാകുന്നത് ?

iv) ഭക്ഷണപ്രിയന്മാരുടെ കൊതിയും ധൃതിയും അല്പമല്ല ഭുജിക്കുന്നു എന്ന

പാഠഭാഗത്ത് ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ ?

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&